## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

11.02.2016 ൽ - മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1281

## റേഷൻ കാർഡ് പുതുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | റേഷൻകാർഡ് പുതുക്കൽ പ്രക്രിയ എന്നാണ് ആരംഭിച്ചത് ; | (എ) | 01.01.2015-ൽ |
| (ബി) | റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ; | (ബി) | കാർഡുടമകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി നടത്തി മുൻഗണനാ റാങ്കിംഗ് നടത്തി കരട് മുൻഗണനാ/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിലാണ്. |
| (സി) | റേഷൻ കാർഡിനായിട്ടുള്ള ഫോട്ടോ എടുക്കൽ കഴിഞ്ഞിട്ട് മാസങ്ങൾ ആയിട്ടും പുതുക്കിയ റേഷൻകാർഡ് നൽകുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ ; | (സി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ/ മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തി വേണം റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യേണ്ടത്. ഇതിനായി പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾ കാർഡുടമകൾക്ക് വിതരണം ചെയ്ത് വിവര ശേഖരണം നടത്തി ഡേറ്റാ എൻട്രി ചെയ്യുകയും ഓൺലൈനായും ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ വിതരണം ചെയ്ത് തെറ്റ് തിരുത്തി ഡേറ്റാ എൻട്രി ചെയ്യുകയും ചെയ്തു. മുൻഗണനാ റാങ്കിംഗ് നടത്തി കരട് മുൻഗണനാ/ മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അവയും ഡേറ്റാ എൻട്രി ചെയ്തു വേണം പുതിയ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യേണ്ടത്. റേഷൻ കാർഡുകൾ കുറ്റമറ്റ രീതിയിൽ നൽകുന്നതിനുള്ള മുൻകരുതലുകൾ എടുക്കുന്നതുകൊണ്ടാണ് കാലതാമസം നേരിടുന്നത്. 2007-08 കാലയളവിൽ പുതുക്കിയ കാർഡുകളിൽ ഒരുപാട് തെറ്റുകൾ കടന്നു കൂടിയത് കണക്കിലെടുത്താണിത്. |
| (ഡി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പുതുക്കിയ റേഷൻ കാർഡുകൾ നൽകാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31.03.2016-ന് അകം വിതരണം ചെയ്യുന്നതാണ്. |

Thulasi

സെക്ഷൻ ഓഫീസർ